**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1345 30/01/2018 ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ കലോത്സവം കുറ്റമറ്റതാക്കാൻ നടപടി</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. പി. കെ. ശശി** | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്കൂൾ കലോത്സവം കുറ്റമറ്റതാക്കാനും സംശുദ്ധമാക്കാനും വ്യവസ്ഥാ ലംഘനമില്ലാതെ വിധി നിർണ്ണയം ഉറപ്പ് വരുത്താനും കീഴ് ഘടകങ്ങൾ മുതൽ സംസ്ഥാന തലം വരെ സ്വീകരിക്കാൻ പോകുന്ന തുടർ പ്രവൃത്തികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സംസ്ഥാന സ്കൂൾ കലോത്സവം കുറ്റമറ്റതാകുവാൻ ഉതകുന്ന തരത്തിലാണ് സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചിട്ടുള്ളത്. സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ കലോത്സവം കുറ്റമറ്റതാകുവാൻ വേണ്ടി ഒട്ടനവധി പരിഷ്കാരങ്ങൾ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സത്യസന്ധമായ വിധി നിർണ്ണയം, കുറ്റമറ്റ രീതിയിലുള്ള സംഘാടനം എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചാണ് 2017-18 ലെ കലോത്സവം നടന്നിട്ടുള്ളത്. തുടർന്ന് വരുന്ന വർഷങ്ങളിൽ മാന്വലിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നതിന് എല്ലാ കീഴ് ഘടകങ്ങൾക്കും നിർദ്ദേശങ്ങൾ നൽകുന്നതാണ്. |
| (ബി) | മാറി മാറി വരുന്ന സർക്കാരുകൾ പല തവണ കലോത്സവ മാന്വൽ പരിഷ്കരണവും ചട്ടമുണ്ടാക്കലും നടത്തിയിട്ടും മത്സര വേദികൾ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തി കുട്ടികളെയും രക്ഷകർത്താക്കളെയും അധർമ്മത്തിലേക്കും തെറ്റുകളിലേക്കും ലക്ഷങ്ങൾ ചെലവാക്കുന്ന പ്രവണതകളിലേക്കും എത്തിച്ചു വരുന്നു എന്നത് ശ്രദ്ധ | (ബി) | ഉണ്ട്. മാന്വൽ പരിഷ്കരണവുമായി ബന്ധപ്പെട്ടല്ല, വ്യാജമായ വിധികൾ സംഘടിപ്പിച്ചാണ് ഇത്തരം അധർമ്മങ്ങൾ നടത്താൻ ശ്രമിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | യിൽപ്പെട്ടിട്ടുണ്ടോ? | | |
| (സി) | എങ്കിൽ ഇത്തരം നിയമ വിരുദ്ധ പ്രവണതകൾ തടഞ്ഞ് കലോത്സവ മാന്വലും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കാനും കലോത്സവ വേദിയെ കലഹ, അഴിമതി വേദികളാക്കുന്ന പ്രവണതകൾക്ക് വിരാമമിടാനും, കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പു വരുത്താനും എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (സി) | ക്രൈംബ്രാഞ്ച്, പോലീസ് അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ